പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും.

345. [12] ശ്രീ. പി. നാരായണൻപോറ്റി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഒരു നിർദ്ദിഷ്ട മിനിമം തുകയിൽ കൂടുതൽ വാർഷിക വരുമാനമുള്ള പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി ഉയർത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അതുപോലെ ഒരു നിർദ്ദിഷ്ട തുകയിൽ കുറവായി വാർഷികവരുമാനമുള്ള മുനിസിപ്പാലിറ്റികളെ പഞ്ചായത്തുകളായി മാറ്റണമെന്നോ എന്തെങ്കിലും നിർദ്ദേശം ഗവണ്മെൻറിന്റെ മുമ്പിലുണ്ടോ;

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തുകളുടേയും അഭിപ്രായങ്ങളെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ, സി) ഈ പ്രശ്നത്തെപ്പറ്റി ഗവണ്മെൻറ് പഠിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഇല്ല.

വൈദ്യുതശക്തി.

346. [29] ശ്രീ. സി. കെ. രാമചന്ദ്രൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ചെങ്ങന്നൂർ പഞ്ചായത്തിലേക്ക് 1952-53-ന മുമ്പ് അനുവദിച്ചിട്ടുള്ള വൈദ്യുതശക്തിപോലും ഇതുവരെ പൂർണ്ണമായി കൊടുത്തിട്ടില്ല എന്നു കാണിച്ച് പരാതിപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമുള്ള വൈദ്യുതശക്തി ടി പഞ്ചായത്തിനു കൊടുക്കുന്നതിന് ഗവണ്മെൻറ് സദയം ഉത്തരവു കൊടുക്കുമോ?

ഉത്തരം.

(എ) അങ്ങനെ ഒരു പരാതി ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത വൈദ്യുതവിതരണം ആദായപ്രദമെന്നു കാണുന്നപക്ഷവും, പഞ്ചായത്തിൽനിന്നോ, അഥവാ തത്പരകക്ഷികളിൽനിന്നോ ആവശ്യപ്പെടുന്നപക്ഷവും ഈ ജോലി നടത്തുന്നതാണ്.

Vengola Co-operative Colony.

347. [30] SHRI A. A. D. LUIZ: Will the Minister for Local Self Government be pleased to state:

(a) whether any loans have been given to Vengola Co-operative Colony (No. 5); and

(b) whether any action has been taken to evict trespassers on?

LIBRARY ARCHIVES Kerala Legislative Assembly

Answer.

(a) No.

(b) The Revenue Department has been requested to evict the encroachers.

Poringalkuthu Hydro Electric Scheme.

348. [31] SHRI A. A. D. LUIZ: Will the Minister for Works be pleased to state:

(a) when the Poringalkuthu Hydro Electric Scheme will start functioning; and

(b) will any of the current produced here be given to the Madras State?

Answer.

(a) The Civil Works relating to the Project have been practically completed. Almost all the plant and equipments such as penstocks, turbines alternators, transformers and switch gear have arrived at the site and the erection work relating to them has been started and is well under way. The project is scheduled to be commissioned before the close of the current financial year.

(b) The Poringalkuthu Power Station will operate interconnected with the Pallivasal and Sengulam Power Stations. Out of the power produced from these three stations, a block of 10,000 KW of power is proposed to be sold to Madras State.

കാർഷികാവശ്യങ്ങൾ.

* 349. [34] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലത്തെ രണ്ടാംറാണ്ടിൽ കാർഷികാവശ്യങ്ങൾക്ക് ഇലക്ട്രിസിറ്റി ഉപയുക്തമാക്കാൻ വക ഇരുത്തിയിട്ടുള്ള തുക നാളിതുവരെയായി എന്തു ചെലവഴിച്ചു; ബാക്കി എന്തുണ്ട്;

(ബി) മുറിയാടു് കായലകത്തു്, മുകുന്ദപുരംതാലൂക്കു്, ഇക്കൊല്ലത്തെ കൃഷിക്കു് വിദ്യുച്ഛക്തി ഉപയോഗപ്പെടുത്തുവാൻ സാധിക്കുമോ; ഇക്കാര്യത്തിൽ എന്തൊക്കെ ചെയ്തീട്ടുണ്ടെന്നു പറയുമോ?

ഉത്തരം.

(എ) ഈ വകയ്ക്കായി 1955 സെപ്റ്റംബർ അവസാനംവരെ 1,33,350 രൂപ ചെലവായി. മിച്ചംവന്നതു് 33,66,650 രൂപയാണു്. ഇക്കൊല്ലം 35 ലക്ഷംരൂപ അനുവദിച്ചു. അതിന്റെ ജോലി പുരോഗമിക്കുന്നുണ്ടു്.

(ബി) അവിടെയുള്ള ലൈൻജോലികൾ നടക്കുകയാണു്. അടുത്ത പമ്പിംഗ് സമയത്തിനു മുൻപു് ആ പണി അവസാനിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly